മാതൃഭൂമി

06 December 2024

# സമുദ്ര അലങ്കാര മത്സ്യങ്ങളുടെ വിത്തുത്പാദനത്തിൽ സി.എം.എഫ്.ആർ.ഐ.ക്ക് നേട്ടം

കൊച്ചി▸ സമുദ്ര അലങ്കാര മത്സ്യ മേഖലയിൽ നിർണായക നേട്ടവുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.). ഉയർന്ന വിപണിമൂല്യമുള്ള കടൽ വർണമത്സ്യങ്ങളായ ഡാംസെൽ, ഗോബി വിഭാഗങ്ങളിൽപെട്ട രണ്ട് മീനുകളുടെ കൃത്രിമ വിത്തുത്പാദന സാങ്കേതികവിദ്യയാണ് സി.എം.എഫ്.ആർ.ഐയുടെ വിഴിഞ്ഞം പ്രാദേശിക കേന്ദ്രം വികസിപ്പിച്ചത്.



അസ്യൂർ ഡാംസെൽ



ഓർണേറ്റ് ഗോബി

അക്വേറിയം ഇനങ്ങളിൽ ആവശ്യക്കാരേറെയുള്ളതും അലങ്കാരമത്സ്യ പ്രേമികളുടെ ഇഷ്ട മീനുകളുമാണ് ഇവ രണ്ടും. കടലിൽ പവിഴപ്പുറ്റുകളോടൊപ്പമാണ് അസ്യൂർ ഡാംസലിന്റെ ആവാസകേന്ദ്രം. അമിത ചൂഷണഫലമായി വംശനാശഭീഷണിക്കരികിലാണിവ. ഒരു മീനിന് 350 രൂപ വരെയാണ് വില. വിദേശ വിപണിയിൽ 25 ഡോളർ വരെ ലഭിക്കും. മറൈൻ അക്വേറിയങ്ങളിലെ ജനപ്രിയ മീനായ ഓർണേറ്റ് ഗോബിക്ക് 250 രൂപവരെ വിലയുണ്ട്.

അക്വേറിയം സംരംഭകർക്കും അലങ്കാരമത്സ്യ കർഷകർക്കും ഇവയുടെ വിത്തുത്പാദനം സ്വന്തമായി നടത്താവുന്ന രീതിയിൽ സാങ്കേതികവിദ്യ സി.എം.എഫ്.ആർ.ഐ. കൈമാറും. കർഷകരിലേക്ക് വ്യാപകമായി ഈ സാങ്കേതികവിദ്യ കൈമാറുന്നതിനും അവരെ പരിശീലിപ്പിക്കുന്നതിനും സി.എം.എഫ്.ആർ.ഐ. ഒരുക്കമാണെന്ന് വിഴിഞ്ഞം പ്രാദേശിക കേന്ദ്രം മേധാവി ഡോ. ബി. സന്തോഷ് പറഞ്ഞു.